2024
APRIL
09
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## യാത്രക്കാരുടെ തിരക്ക് കുറയ്ക്കാൻ റെയിൽവേ; 20 കോച്ചുകളുള്ള വന്ദേഭാരത് ട്രെയിനുകൾ ഇറക്കും



**മുംബൈ:** 20 കോച്ചുകളുള്ള വന്ദേ ഭാരത് ട്രെയിനുകൾ ഇറക്കാൻ റെയിൽവേ പദ്ധതിയിടുന്നു. നിലവിൽ 16, 8 കോച്ചുകൾ അടങ്ങിയ ട്രെയിനുകളാണ് സർവീസ് നടത്തുന്നത്. തിരക്ക് ഏറെയുള്ള പാതകളിൽ 20 കോച്ച് ട്രെയിനുകൾ എത്തിക്കാനാണ് പദ്ധതി. വന്ദേ ഭാരത് മൂലം മറ്റു ട്രെയിനുകൾ ഓടിക്കാൻ കഴിയുന്നില്ലെന്ന പരാതി വ്യാപകമാണ്. എന്നാൽ, 8 കോച്ചിന്റെ സ്ഥാനത്ത് 20 കോച്ച് ട്രെയിൻ വരുമ്പോൾ ഒന്നര ട്രെയിൻ അധികം ലഭിക്കുന്നതിനു സമാനമായ സ്ഥിതി വരും. കൂടുതൽ കോച്ചുകളുള്ള വന്ദേ ഭാരത് ഇറക്കുന്നതോടെ യാത്രക്കാരുടെ തിരക്ക് കുറയ്ക്കാനാകും. ഒപ്പം മെച്ചപ്പെട്ട വരുമാനവും ലഭിക്കുമെന്നാണ് റെയിൽവേയുടെ കണക്കുക്കൂട്ടൽ.

## സംസ്ഥാനത്ത് റെക്കോർഡുകൾ ഭേദിച്ച് സ്വർണവില; ആറുദിവസത്തിനിടെ വർധിച്ചത് 2,000 രൂപ



**കൊച്ചി:** സംസ്ഥാനത്ത് റെക്കോർഡുകൾ ഭേദിച്ച് സ്വർണവില. ഇന്ന് 240 രൂപ വർധിച്ച് ഒരു പവൻ സ്വർണത്തിൻറെ വില 52,520 രൂപയായി. ഗ്രാമിന് 30 രൂപയാണ് കൂടിയത്. 6565 രൂപയാണ് ഒരു ഗ്രാം സ്വർണത്തിൻറെ വില. രണ്ടുദിവസത്തിനിടെ ആയിരം രൂപ വർധിച്ച ശേഷം തുടർന്നുള്ള ദിവസങ്ങളിലും വില ഉയരുന്നത് തുടരുകയാണ്. ആറുദിവസത്തിനിടെ രണ്ടായിരത്തോളം രൂപയാണ് വർധിച്ചത്.

# വാടക, പാട്ട കരാർ സ്റ്റാംപ് ഡ്യൂട്ടി കുത്തനെ കൂട്ടി



**തിരുവനന്തപുരം:** സംസ്ഥാനത്തു വാടക, പാട്ട കരാറുകളുടെ സ്റ്റാംപ് ഡ്യൂട്ടി കുത്തനെ കൂട്ടി. ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിലുള്ള കൂടിയ നിരക്കുകൾ നിലവിൽ വന്നു. കാർഷിക, വാണിജ്യ മേഖലകളിൽ റജിസ്റ്റർ ചെയ്യുന്ന വാടക, പാട്ട കരാറുകൾക്കും ഇതോടെ ചെലവേറും. സംസ്ഥാന ബജറ്റിനൊപ്പം പാസാക്കിയ ധനബില്ലിലെ വ്യവസ്ഥ പ്രകാരമാണു നടപടികൾ. 11 മാസ കാലാവധിയിലെ കരാറുകൾ റജിസ്റ്റർ ചെയ്യേണ്ടത് മുൻപു നിർബന്ധമല്ലായിരുന്നെങ്കിലും ഇനിയതു പറ്റില്ലെന്നാണു വ്യവസ്ഥ. ഇവയുടെ സ്റ്റാംപ് ഡ്യൂട്ടി 200 രൂപയിൽ നിന്ന് 500 ആക്കി.

മിക്ക വീടുകൾക്കും ചെറിയ കടമുറികൾക്കും 11 മാസ കാലാവധിയിലാണ് സാധാരണ വാടകക്കരാർ എഴുതുന്നത്. പുതിയ രീതിയിൽ പാട്ടക്കരാറിന്റെ കാലാവധി അനുസരിച്ച് പല സ്ലാബുകളായി തിരിച്ച് ന്യായവിലയുടെ നിശ്ചിത ശതമാനത്തിനു മേൽ 8% സ്റ്റാംപ് ഡ്യൂട്ടി നൽകണം. കെട്ടിടം മാത്രം കൈമാറ്റം ചെയ്യുന്ന കരാറുകൾക്ക് കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ന്യായവിലയോ ആകെ വാടകത്തുകയോ, മുൻകൂറായി നൽകന്ന തുകയോ ഏതാണോ കൂടുതൽ അത് അനുസരിച്ചായിരിക്കും സ്റ്റാംപ് ഡ്യൂട്ടി.

പാട്ട, വാടകക്കരാറുകളുടെ റജിസ്ട്രേഷൻ ഫീസും ന്യായവില അടിസ്ഥാനമാക്കി മാറ്റുന്ന തീരുമാനം തിരഞ്ഞെടുപ്പിനു ശേഷം ഉണ്ടാകുമെന്നാണ് അറിയുന്നത്. ഇപ്പോൾ റജിസ്റ്റർ ചെയ്യുന്ന കരാറുകൾക്ക് പുതിയ നിരക്കിലുള്ള സ്റ്റാംപ് ഡ്യൂട്ടിയും പഴയ നിരക്കിലുള്ള റജിസ്ട്രേഷൻ ഫീസും നൽകണം. അതേസമയം, ഇതു സംബന്ധിച്ച് സബ് റജിസ്ട്രാർ ഓഫിസുകളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ പുതിയ നിരക്ക് ഈടാക്കി തുടങ്ങിയിട്ടില്ല.

വാടക, പാട്ട കരാറുകളുടെ സ്റ്റാംപ് ഡ്യൂട്ടിക്കും റജിസ്ട്രേഷനും ഭൂമി ന്യായവില അടിസ്ഥാനമാക്കി വർധിപ്പിച്ച നിരക്കുകൾ ബാധകമാക്കി വിജ്ഞാപനം ഇറങ്ങിയെങ്കിലും ഇതു പിരിച്ചെടുക്കുക എളുപ്പമല്ലെന്നു വിദഗ്ധർ. ഗവ. സ്ഥാപനങ്ങൾ അടക്കം പലരും കരാറുകൾ റജിസ്റ്റർ ചെയ്യാറില്ലെന്നതാണ് പ്രധാന തടസ്സം.

# സംസ്ഥാനത്ത് ചൂട് കൂടുന്നു; 12 ജില്ലകളിൽ മുന്നറിയിപ്പ്



**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇടവിട്ട് വേനൽമഴ പെയ്തിട്ടും ചൂടിന് കാര്യമായ ശമനമില്ല. വെള്ളിയാഴ്ച വരെ 12 ജില്ലകളിലാണ് ഇന്ന് ഉയർന്ന താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചിരിക്കുന്നത്. ഒന്നാംഘട്ട അലർട്ടായ യെല്ലോ അലർട്ടാണ് ഇവിടങ്ങളിൽ പുറപ്പെടുവിച്ചിരിക്കുന്നത്.

പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും കണ്ണൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, മലപ്പുറം, കാസർകോട് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാനാണ് സാധ്യത. സാധാരണയേക്കാൾ രണ്ടു മുതൽ നാലു ഡിഗ്രി വരെ അധിക ചൂടിന് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

കഴിഞ്ഞ ദിവസങ്ങളിലും ഇത്തരത്തിൽ താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചിരുന്നു. ഇതിനു പിന്നാലെ ആരോഗ്യവകുപ്പ് അടക്കം ചില മാർഗനിർദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. സൂര്യാഘാതത്തിനുള്ള സാധ്യത കൂടുതലായതിനാൽ പകൽ സമയങ്ങളിൽ 11 മുതൽ മൂന്നുവരെ പുറത്തു കഴിയുന്നത് കഴിവതും ഒഴിവാക്കണമെന്നും നിർദേശം നല്കിയിരുന്നു.



# ഒമെൻ ട്രാൻസെൻഡ് 14 ലാപ്ടോപ്പുകൾ അവതരിപ്പിച്ച് എച്ച് പി



**കൊച്ചി:** എ ഐ കരുത്തുള്ള ഒമെൻ ട്രാൻസെൻഡ് 14 ലാപടോപ്പുകൾ പുറത്തിറക്കി എച്ച്.പി. ഐ.ഐ ഉപയോഗിച്ച് കൂടുതൽ മികവുറ്റ ഗെയിമിങ്ങും ഗ്രാഫിക്സ് ശേഷിയുമാണ് ഒമെൻ ട്രാൻസെൻഡ് 14 ലാപ്ടോപ്പുകളുടെ പ്രധാന പ്രത്യേകത. ഗെയിമേഴ്സിനും കണ്ടന്റ് ക്രിയേറ്റേഴ്സിനും വേണ്ടി എൻവിഡിയ ജിഫോഴ്സ് ആർ.ടി.എക്സ് 4060 ഗ്രാഫിക്സ് കാർഡ് ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ മോഡലുകൾ അവതരിപ്പിച്ചിരിക്കുന്നത്. ഇന്റൽ, എൻവിഡിയ പ്രോസസറുകളുടെ സഹായത്തോടെ ലാപ്ടോപ്പിനുള്ളിൽ തന്നെ എ.ഐ. ശേഷിയുമുണ്ട്. അതിനോടൊപ്പം ഓട്ടർ എ.ഐ ഉപയോഗിച്ച് മീറ്റിംഗുകളും ക്ളാസുകളും റെക്കോർഡ് ചെയ്യാനും കേൾക്കുന്ന സംസാരഭാഷ അക്ഷരങ്ങളായി രേഖപ്പെടുത്താനും നോട്ടുകൾ കുറിച്ചെടുക്കാനും കഴിയും. ഇന്റലുമായി ചേർന്ന് വികസിപ്പിച്ചെടുത്ത പ്രത്യേക കൂളിംഗ് സംവിധാനത്തിന്റെ സഹായത്തോടെയാണ് ഒമെൻ ട്രാൻസെൻഡ് 14 ലാപ്ടോപ്പുകൾ ഉയർന്ന പ്രകടനം കാഴ്ചവെക്കുന്നത്. സുഗമമായ ഗെയിമിങ്ങിനും സ്ട്രീമിങ്ങിനും വേണ്ടി ന്യൂറൽ പ്രോസസിംഗ് യൂണിറ്റിന്റെ സഹായത്തോടെ ഫ്രെയിം പെർ സെക്കൻഡ് പ്രകടനം 24.6% വരെ മെച്ചപ്പെടുത്തിയിട്ടുണ്ട്.എച്ച്.പിയുടെ ഏറ്റവും ഭാരം കുറഞ്ഞ ഗെയിമിങ് ലാപ്ടോപ്പ് ആണ് ഒമെൻ ട്രാൻസെൻഡ് 14. ലാപ്ടോപ്പ് ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചൂട് നിയന്ത്രിക്കാൻ ഒമെൻ ടെംപെസ്റ്റ് കൂളിംഗും ശബ്ദം നിയന്ത്രിക്കാൻ നോയിസ് സപ്രഷനും ഉൾച്ചേർത്തിട്ടുണ്ട്. 48 മുതൽ 120 ഹെർട്സ് വരെ റിഫ്രഷ് റേറ്റ് ഉള്ള 14 ഇഞ്ച് വലിപ്പത്തിൽ 2.8ഗ റെസൊല്യൂഷനുള്ള ഓഎൽഇഡി ഡിസ്പ്ലേ, എച്ച്.പിയുടെ ഗെയിമിംഗ് ആക്സസറീസ് ബ്രാൻഡായ ഹൈപ്പർ എക്സ് ലോകത്താദ്യമായി ഓഡിയോ ട്യൂൺ ചെയ്ത ലാപ്ടോപ്പ് എന്നീ പ്രേത്യകതകളുമുണ്ട്. എ.ഐ കരുത്തുള്ള പേഴ്സണൽ കംപ്യൂട്ടറുകളുടെ വിപണിയിലെ ഏറ്റവും വിശാലമായ ശ്രേണി അവതരിപ്പിക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്ന് എച്ച്.പി ഇന്ത്യയുടെ വൈസ് പ്രസിഡന്റും മാനേജിങ് ഡയറക്ടറുമായ ഇപ്സിത ദാസ്ഗുപ്ത പറഞ്ഞു. 174,999 രൂപയാണ് ഒമെൻ ട്രാൻസെൻഡ് 14 ന്റെ ആരംഭവില. 7,787 രൂപ വിലയുള്ള ഹൈപ്പർഎക്സ് പ്രീമിയം ബാഗും ഉൾപ്പെടെയാണിത്. എച്ച്.പി. വേൾഡ് സ്റ്റോറുകളിലും എച്ച്.പി ഓൺലൈൻ സ്റ്റോറിലും ലാപ്ടോപ്പുകൾ ലഭ്യമാണ്. ഒമെൻ ട്രാൻസെൻഡ് 14 വാങ്ങുമ്പോൾ ഹൈപ്പർ എക്സ് മൗസും ഹെഡ്സെറ്റും സൗജന്യമായി ലഭിക്കുന്നതാണ്.

# കൊച്ചിൻ കാർഡിയാക് ഫോറത്തിന്റെ ജോയ് ഹോം പദ്ധതിയിൽ ദമ്പതികൾക്ക് പുതിയ വീട്

**കൊച്ചി :** ചിറ്റാട്ടുകര ഗ്രാമപ്പഞ്ചായത്തിലെ വടക്കൻ പറവൂരിൽ താമസിക്കുന്ന ദമ്പതികൾക്ക് കൊച്ചിൻ കാർഡിയാക് ഫോറം വീട് വെച്ചു നൽകി. പ്രളയത്തെ തുടർന്ന് താൽക്കാലിക ഷെഡിലാണ് അപ്പുക്കുട്ടനും കാർത്തികയും അവരുടെ രണ്ട് പെൺമക്കളും രണ്ടുവർഷത്തിലധികമായി ദുരിതം സഹിച്ച് താമസിച്ചത്. അവരുടെ കഥ മുൻപ് വാർത്തയായിരുന്നു.

2019ൽ വെള്ളപ്പൊക്കത്തിന് ശേഷമാണ് കൊച്ചിൻ കാർഡിയാക് ഫോറം പ്രകൃതിദുരന്തങ്ങളാൽ നാശനഷ്ടമുണ്ടായ കുടുംബങ്ങൾക്ക് പാർപ്പിടവും സ്ഥിരതയും നൽകുക എന്ന ലക്ഷ്യത്തോടെ ജോയ് ഹോം പദ്ധതിക്ക് തുടക്കമിടുന്നത്.അപ്പുക്കുട്ടനെയും കാർത്തികയെയും ഗുണഭോക്താക്കളായി കണ്ടെത്തി ഫോറം പുതിയ വീട് നിർമ്മിച്ചു നൽകി. സംവിധായകനും നടനുമായ ജൂഡ് ആന്റണി ജോസഫ് താക്കോൽ കൈമാറി. പഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ, കൊച്ചിൻ കാർഡിയാക് ഫോറം പ്രസിഡന്റ് ഡോ. രാജശേഖരൻ വർമ്മ, സെക്രട്ടറിഡോ. സന്ദീപ് ആർ, ഡോ. ജോ ജോസഫ്, ഡോ. പ്രവീൺ പൈ, ഡോ.ഹിമൽ രാജ്, വാർഡ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



എറണാകുളത്തും പരിസരങ്ങളിലുമായി പ്രാക്ടീസ് ചെയ്യുന്ന 80 ഓളം കാർഡിയോളജിസ്റ്റുകൾ ഉൾപ്പെടുന്നതാണ് കൊച്ചിൻ കാർഡിയാക് ഫോറം.പദ്ധതി യാഥാർത്ഥ്യമാക്കിയ എല്ലാ സന്നദ്ധപ്രവർത്തകർക്കും ഡോ. രാജശേഖരൻ വർമ്മ നന്ദി അറിയിച്ചു.

# മുത്തൂറ്റ് മൈക്രോഫിൻ ആസ്തികളിൽ 32 ശതമാനം വർധനവ്

**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ കൈകാര്യം ചെയ്യുന്ന ആസ്തികൾ 12,194 കോടി രൂപയിലെത്തിയതായി 2024 മാർച്ച് 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. മുൻവർഷം ഇതേ കാലയളവിലെ 9208 കോടി രൂപയെ അപേക്ഷിച്ച്വാർഷികാടിസ്ഥാനത്തിൽ 32 ശതമാനം വർധവമാണിത്.202324 സാമ്പത്തിക വർഷത്തിൽ വായ്പ വിതരണവും 32 ശതമാനം വർധിച്ച് 10,662 കോടി രൂപയിലെത്തി. ശേഖരണത്തിലെ കാര്യക്ഷമത 260 അടിസ്ഥാന പോയിൻറുകൾ ഉയർന്ന് 98.4 ശതമാനത്തിൽ എത്തിയിട്ടുണ്ട്. വിവിധ സ്രോതസുകളിൽ നിന്നായി 9242 കോടി രൂപയുടെ ഫണ്ടാണ് കഴിഞ്ഞ വർഷം ലഭിച്ചത്. ആകെ ശാഖകളുടെ എണ്ണം 29 ശതമാനം വർധിച്ച് 1508ൽ എത്തിയിട്ടുണ്ട്. സജീവ ഉപഭോക്താക്കളുടെ എണ്ണം 21 ശതമാനം വർധിച്ച് 33.5 ലക്ഷത്തിൽ എത്തിയതായും മാർച്ച് 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു.

# വിനോദ് ഫ്രാൻസിസ് സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് ഫിനാൻഷ്യൽ ഓഫീസർ



**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് ജനറൽ മാനേജരായ വിനോദ് ഫ്രാൻസിസിനെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ (സി എഫ് ഒ) ആയി നിയമിച്ചു. കൂടാതെ, ബാങ്കിന്റെ പ്രധാന മാനേജീരിയൽ പദവിയിലേക്കും നിയമനം നൽകി. ഏപ്രിൽ 5ന് ചേർന്ന ബാങ്കിന്റെ ഡയറക്ടർ ബോർഡാണ് നിയമന അംഗീകാരം നൽകിയത്. ബാങ്കിങ് രംഗത്തും കോർപ്പറേറ്റ് ഫിനാൻസ് മേഖലയിലും 18 വർഷത്തെ അനുഭവ സമ്പത്തുള്ള വിനോദ് ഫ്രാൻസിസ് ജൂൺ 2021 മുതൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഡെപ്യൂട്ടി സി എഫ് ഒ ആയി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഏപ്രിൽ 8 തിങ്കളാഴ്ച മുതൽ നിയമനം പ്രാബല്യത്തിൽ വന്നു. നിലവിലെ സി എഫ് ഒയും സീനിയർ ജനറൽ മാനേജരുമായ എച്ച്. ചിത്രയെ ബാങ്കിന്റെ ചീഫ് കംപ്ലയൻസ് ഓഫീസറായി ചുമതലപ്പെടുത്തി.

# ഡോ. റെഡ്ഡീസ്, സനോഫി ഹെൽത്ത് കെയമായി പങ്കാളിത്തത്തിൽ

**കൊച്ചി:** ആഗോള ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ഡോ. റെഡ്ഡീസ് ലബോറട്ടറീസ് ലിമിറ്റഡ് , സനോഫി ഹെൽത്ത്കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി വാക്സിൻ ബ്രാൻഡുകൾ ഇന്ത്യയിലെ സ്വകാര്യ വിപണികളിലുടനീളം പ്രമോട്ട് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി പങ്കാളിത്തത്തിലേക്ക് പ്രവേശിച്ചതായി പ്രഖ്യാപിച്ചു.



# ജി സ്മാരക കേന്ദ്രത്തിൽ സിയാൻ വിസ്റ്റ ആർട്ട് എക്സിബിഷൻ

**കൊച്ചി:** സിയാൻ വിസ്റ്റ' ആർട്ട് എക്സിബിഷന് മഹാകവി ജി സ്മാരക കേന്ദ്രം ആർട്ട് ഗാലറിയിൽ തുടക്കമായി. ചിത്രകാരികളായ വിൽസി, മഞ്ജു സാഗർ, സുരജ മനു അമൽ ദേവ് എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശനത്തിനുള്ളത്. ചിത്ര പ്രദർശനം ഏപ്രിൽ 12 വെള്ളിയാഴ്ച വരെ മഹാകവി ജി സ്മാരക കേന്ദ്രം ആർട്ട് ഗാലറിയിൽ നടക്കും. രാവിലെ 10:00 മണി മുതൽ വൈകിട്ട് 7:00 വരെ ആണ് ചിത്ര പ്രദർശന സമയം.

# മോഡലുകളെ കണ്ടെത്താൻ അനിമ ; ടാലന്റ് ഹണ്ട് കൊച്ചിയിൽ

**കൊച്ചി :** മോഡലുകൾക്ക് അവസരമൊരുക്കി ടാലന്റ് ഹണ്ട് കൊച്ചിയിൽ. മോഡലുകൾ, മേക്കപ്പ് ആർട്ടിസ്റ്റുകൾ, ഹെയർ സ്റ്റൈലിസ്റ്റുകൾ, ഫോട്ടോഗ്രാഫർമാർ എന്നീ മേഖലകളിലെ മികച്ച ആളുകളെ കണ്ടെത്തുന്ന പ്രമുഖ ടാലന്റ് ഏജൻസിയായ അനിമയാണ് 'ദി ന്യൂ ഫേസസ് മോഡൽ സെർച്ച്' പരിപാടി സംഘടിപ്പിക്കുന്നത്. 18 വയസും അതിന് മുകളിലും പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ന്യൂ ഫേസ് മോഡൽ സെർച്ചിൽ അപേക്ഷിക്കാം. താൽപര്യമുള്ളവർ സേവ് ദി ലൂമിന്റെ വൺ സീറോ എയ്റ്റിൽ ഏപ്രിൽ 13ന് നടത്തുന്ന ഗ്രൗണ്ട് ഇവന്റിൽ പങ്കെടുക്കണം. പ്രവേശനം സൗജന്യമാണ്. അനിമയുടെ സ്ഥാപകരായ ഗുണിത സ്റ്റോബ്, മാർക്ക് ലുബുറിക് എന്നിവരടങ്ങുന്ന ജഡ്ജിമാരുടെ ഒരു പാനൽ മികച്ച മോഡലുകളെ തിരഞ്ഞെടുക്കും. ഷോർട്ട്ലിസ്റ്റ് ചെയ്ത ആളുകൾക്ക് അനിമയുടെ പ്രാതിനിധ്യത്തിൽ നടത്തുന്ന ദേശീയ അന്തർദേശീയ അസൈൻമെന്റുകളിൽ ഫീച്ചർ ചെയ്യാനുള്ള അവസരവും ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷൻ വിശദാംശങ്ങൾക്കും, അനിമയുടെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജ് @മിശാമര്യലമശേലള സന്ദർശിക്കുക.പുതിയ പ്രതിഭകൾക്കായുള്ള തിരച്ചിൽ കൊച്ചിയിലേക്ക് കൊണ്ടുവരുന്നതിൽ ഞങ്ങൾ വളരെ സന്തോഷത്തിലാണെന്ന് അനിമയുടെ സഹസ്ഥാപകയായ ഗുണിത സ്റ്റോബ് പറഞ്ഞു. മോഡലുകളെ കണ്ടെത്തുക മാത്രമല്ല, അവരെ വളർത്താനും മെച്ചപ്പെടുത്താനും ആത്യന്തികമായി വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായത്തിൽ നേട്ടമുണ്ടാക്കാനും സഹായിക്കുക എന്നതാണ് ലക്ഷ്യമെന്ന് അനിമയുടെ മാർക്ക് ലുബുറിക് കൂട്ടിച്ചേർത്തു.

# വേനൽക്കാല ഓഫറുകളുമായി ടൈറ്റൻ ഐ പ്ലസ്

**കൊച്ചി:** സമ്മർ സ്പെക്ടക്കിൾ ഓഫറുമായി കണ്ണട വിപണന രംഗത്തെ മുൻനിര ബ്രാൻഡ് ആയ ടൈറ്റൻ ഐ പ്ലസ്. ഫ്രെയിമുകൾ, സൺഗ്ലാസുകൾ, ഇരുപതിൽ അധികം അന്താരാഷ്ട്ര ബ്രാൻഡുകൾ, ലെൻസുകളും കോണ്ടാക്റ്റ് ലെൻസുകളും എന്നിങ്ങനെ വിവിധ ഉത്പന്നങ്ങൾക്കാണ് ടൈറ്റൻ ഐ പ്ലസ് പ്രത്യേക വേനൽക്കാല ഓഫറുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. കൂടാതെ രണ്ട് ടൈറ്റൻ ഐ പ്ലസ് ഉത്പന്നങ്ങൾ വാങ്ങുമ്പോൾ 20 ശതമാനം വിലക്കിഴിവും ലഭിക്കും.

വേനൽക്കാല ഓഫറുകളുടെ ഭാഗമായി 750 രൂപ മുതൽ പുതിയ ഫാഷനിലുള്ള ഫ്രെയിമുകൾ ലഭിക്കും. 750 രൂപ വിലയ്ക്ക് ബ്ലൂ സെയ്ഫ് ലെൻസുകൾ, 500 രൂപ വിലയിൽ ആൻറിറിഫ്ലെക്ടീവ് ലെൻസുകൾ, 1799 രൂപയ്ക്ക് പ്രോഗ്രസീവ് ലെൻസുകൾ എന്നിവയും ലഭ്യമാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള  കണ്ണടകൾക്ക് 999 രൂപയാണ് ഓഫർ വില.ക്ലാസിക് ഫുൾ ഫ്രെയിം മുതൽ ഏറ്റവും പുതിയ സെമി റിം ലെസ്, മിനിമലിസ്റ്റ് റിം ലെസ് സ്റ്റൈലുകളിൽ വരെ ഉള്ള വളരെ ബൃഹത്തായ ഫ്രെയിം ഡിസൈനുകളുടെ ശേഖരം ഉപഭോക്താക്കൾക്ക് മുന്നിലെത്തുന്നു എന്നതാണ് ഈ വേനൽക്കാല ഓഫറിൻറെ മറ്റൊരു പ്രത്യേകത. ജോമട്രിക്കൽ, സ്ലിം, ഓവർസൈസ്ഡ്, കാറ്റ്ഐ, സുതാര്യമായവ, വൃത്താകൃതിയിലും  ചതുരത്തിലുമുള്ളവ തുടങ്ങി വേറിട്ട അഭിരുചികളെ തൃപ്തിപ്പെടുത്തുന്നതും ഓരോ വ്യക്തിത്വത്തിനും അനുഗുണമായതുമായ വൈവിധ്യമാർന്ന സ്റ്റൈലുകളിൽ ഫ്രെയിമുകൾ ലഭ്യമാണ്.ഏറ്റവും അടുത്തുള്ള ടൈറ്റൻ ഐ+ സന്ദർശിച്ചോ അല്ലെങ്കിൽ ഓൺലൈൻ ഷോപ്പിംഗിലൂടെയോ ടൈറ്റൻ ഐ പ്ലസിന്റെ വേനൽക്കാല ഓഫർ സ്വന്തമാക്കാം.




# ജിയോ ഫോൺ വാങ്ങുന്നവർക്ക് പ്രത്യേക ഓഫർ

**കൊച്ചി:** ജിയോ ഫോൺ വാങ്ങുന്നവർക്കായി ജിയോയുടെ പരിമിതകാല ഓഫർ പ്രഖ്യാപിച്ചു. ഒരു ജിയോഭാരത് ഫോൺ വാങ്ങി 2 മാസത്തെ അൺലിമിറ്റഡ് 234 പ്ലാൻ ഉപയോഗിച്ച് റീചാർജ് ചെയ്യുമ്പോൾ 2 മാസം കൂടി സൗജന്യമായി നേടാം. പുതിയതോ അല്ലെങ്കിൽ നിലവിലുള്ളതോ ആയ ജിയോ സിമ്മിൽ ഈ പ്ലാൻ ലഭ്യമാകുമെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.ജിയോ ഭാരത് ഫോണുകളിൽ മാത്രമാണ് 2 മാസത്തെ സൗജന്യ സേവനം ലഭ്യമാകുന്നത്. 234 ന്റെ അടിസ്ഥാന പ്ലാനിൽ 28 ജിബി (0.5ജിബി/ദിവസം) അൺലിമിറ്റഡ് ഡാറ്റ, അൺലിമിറ്റഡ് വോയിസ് കോളുകൾ, 300 എസ്എംഎസ്/28 ദിവസം,ജിയോ ആപ്പുകളുടെ സബ്സ്ക്രിപ്ഷൻ,  56 ദിവസത്തെ വാലിഡിറ്റി എന്നിവ ലഭ്യമാകും. പുതിയ ജിയോഭാരത് ഫോണുകൾക്കൊപ്പം ഈ പ്ലാനിൽ 56 കൂടി ദിവസങ്ങൾ അധികമായി ലഭിക്കുന്നു.999 രൂപയാണ് ജിയോ ഭാരത് 4ജി ഫോണിന്റെ കുറഞ്ഞ മോഡലിന്റെ വില. ഈ ഫോണിൽ യു പി ഐ സേവനങ്ങൾ ലഭ്യമാണ്. 1299 രൂപയുടെ മറ്റൊരു മോഡലും ലഭ്യമാണ്.ജിയോ  ഉപയോക്താകൾക്ക് ഐപിഎൽ സീസൺ മുഴുവൻ തത്സമയ ക്രിക്കറ്റ് സ്ട്രീമിംഗിനായി നിരവധി സ്പെഷ്യൽ പ്ലാനുകൾ ലഭ്യമാണ്. ഡാറ്റയും അൺലിമിറ്റഡ് വോയ്സും സംയോജിപ്പിക്കുന്ന 749 രൂപ ക്രിക്കറ്റ് പ്ലാനിൽ 200 ജി ബി ഡാറ്റയും 90 ദിവസത്തെ വാലിഡിറ്റിയും ലഭിക്കും , ഒരു ദിവസം മാത്രം വാലിഡിറ്റിയുള്ള 49 രൂപയുടെ പ്ലാനിൽ അൺലിമിറ്റഡ് ഡാറ്റയും, നിലവിലെ പ്ലാനിന്റെ കാലാവധി തീരുന്നതുവരെ ഉപയോഗിക്കാവുന്ന 222 രൂപയുടെ ക്രിക്കറ്റ് ഡാറ്റ പ്ലാനിൽ 50 ജി ബി ഡാറ്റയും ലഭ്യമാകും. 19 രൂപയുടെയും 29 രൂപയുടെയും പ്ലാനുകളിൽ യഥാക്രമം 1 .5 ജി ബി, 2 .5 ജി ബി വീതം ഡാറ്റ ലഭ്യമാകും.

# പെൻഷൻ: നിക്ഷേപിക്കാൻ ശരിയായ അവസരം

**തിരുവനന്തപുരം:** സാമ്പത്തികമായി സ്വതന്ത്രരാകാൻ  പ്രാപ്തരാക്കുന്ന മികച്ച ഓപ്ഷനാണ് ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പോലുള്ള ഒരു ആന്വിറ്റി ഉൽപ്പന്നത്തിലെ നിക്ഷേപമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

റിട്ടയർമെന്റിന് ശേഷം ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു വരുമാനം ഉറപ്പാക്കുന്നതാണ് ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി. അടച്ച എല്ലാ പ്രീമിയങ്ങളുടെയും 100% റീഫണ്ട് നൽകുന്ന ലൈഫ് ഇൻഷുറൻസ് രംഗത്ത് ഇത്തരത്തിലുള്ള ആദ്യ ഉത്പന്നം കൂടിയാണിത്. ഇനി മുന്നോട്ട് പലിശ നിരക്ക് കുറയുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, ഇപ്പോൾ ഒരു ആന്വിറ്റി ഉൽപ്പന്നം വാങ്ങുന്ന ഉപഭോക്താക്കൾക്ക് അവരുടെ നിക്ഷേപം നിലവിലെ പലിശ നിരക്കിൽ ലോക്ക്ഇൻ ചെയ്യാൻ കഴിയുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




# അർബൻ ക്രൂയിസർ ടെയ്സർ പുറത്തിറക്കി ടൊയോട്ട

**കൊച്ചി:** പുതിയ അർബൻ ക്രൂയിസർ ടെയ്സർ പുറത്തിറക്കി ടൊയോട്ട കിർലോസ്കർ മോട്ടോർ (ടികെഎം). അത്യാധുനിക ഫീച്ചറുകളോടൊപ്പം ആകർഷകമായ ശൈലിയിലും നൂതന സാങ്കേതികവിദ്യയിലും നിർമ്മിച്ചിരിക്കുന്ന അർബൻ ക്രൂയിസർ ടെയ്സർ 1.0 ലിറ്റർ ടർബോ, 1.2 ലിറ്റർ പെട്രോൾ ഇസിഎൻജി ഓപ്ഷനുകളിൽ ലഭ്യമായിരിക്കും.അർബൻ ക്രൂയിസർ ടെയ്സർ പരമാവധി 100.06 പിഎസ്@ 5500 ആർപിഎം പവർ നൽകുന്നു. മാനുവലിന് ലിറ്ററിന് 21.5 കിലോമീറ്റർ ഇന്ധനക്ഷമതയും ഓട്ടോമാറ്റിക്കിന് 20 കിലോമീറ്റർ ഇന്ധനക്ഷമതയും നൽകുന്നു.

1.2 ലിറ്റർ പെട്രോൾ എഞ്ചിനിൽ കിലോമീറ്ററിന് 21.7 (മാനുവൽ) 22.8 (ഓട്ടോമാറ്റിക്) ഇന്ധനക്ഷതയുള്ള 89.73 പിഎസ്@6000 ആർപിഎം പവർ ലഭ്യമാക്കുന്നു. ഇസിഎൻജി ഓപ്ഷനിൽ 28.5 കിലോമമീറ്റർ ഇന്ധനക്ഷമത വാഗ്ദാനം ചെയ്യുന്നു.6 എയർ ബാഗടങ്ങുന്ന സുരക്ഷാ ഫീച്ചറുകൾ, ഹിൽ ഹോൾഡ് അസിസ്റ്റ് ഉള്ള വെഹിക്കിൾ സ്റ്റെബിലിറ്റി കൺട്രോൾ, മറ്റ് നൂതന ഫീച്ചറുകൾ, റോൾ ഓവർ മിറ്റിഗേഷൻ എന്നിവ സുരക്ഷിതമായ ഡ്രൈവിംഗ് അനുഭവം നൽകും. ഹെഡ്അപ് ഡിസ്പ്ലേ, 360 വ്യൂ ക്യാമറ, വയർലെസ് ചാർജർ, വയർലെസ് ആപ്പിൾ കാർപ്ലേ, ഓട്ടോ കണക്റ്റിവിറ്റിയുള്ള എച്ച് ഡി സ്മാർട്ട്പ്ലേ കാസ്റ്റ് ഇൻഫോടെയ്ൻമെന്റ് സിസ്റ്റം തുടങ്ങിയ സവിഷേശതകൾ ഉപഭോക്താക്കൾക്ക് സുഖകരവും സൗകര്യപ്രദവുമായ യാത്രാനുഭവം ഉറപ്പാക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഫ്ളിപ്കാർട്ട് ആപ്പിൽ ഇനി ബസ് ബുക്കിംഗും

**കൊച്ചി:** ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട് പുതിയതായി ബസ് ബുക്കിംഗ് സേവനങ്ങൾ ആരംഭിച്ചു. പല സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപറേഷനുകളുമായും സ്വകാര്യ സേവനദാതാക്കളുമായും സഹകരിച്ചുകൊണ്ടാണ് രാജ്യത്തുടനീളം 25,000ന് മുകളിൽ റൂട്ടുകളിൽ ഫ്ളിപ്കാർട് ആപ്പിലൂടെ ബസ് ബുക്കിംഗ് സേവനങ്ങൾ സാധ്യമാക്കുന്നത്. ഫ്ളിപ്കാർട് പ്ലാറ്റ്ഫോമിന്റെ ട്രാവൽ ബാനറിൽ നിലവിൽ ലഭ്യമാകുന്ന ഫ്ളൈറ്റ്, ഹോട്ടൽ ബുക്കിംഗ് സേവനങ്ങൾക്ക് പുറമേയാണ് ബസ് ബുക്കിംഗ് സർവ്വീസും ആരംഭിച്ചിരിക്കുന്നത്. 1കച്ച ഓഫറുകൾ, കൺവീനിയൻസ് ഫീയോ മറ്റ് ഒളിഞ്ഞിരിക്കുന്ന അധിക ചാർജുകളോ ഇല്ല, സൂപ്പർ കോയിനുകളിലൂടെ 50 രൂപ വരെയുള്ള നേട്ടം, 24:7 വോയ്സ് ഹെൽപ് ലൈൻ തുടങ്ങിയവ ഫ്ളിപ്കാർട് ബസ് ബുക്കിംഗ് സർവ്വീസിന്റെ സവിശേഷതകളാണ്. ലോഞ്ച് ഓഫറിന്റെ ഭാഗമായി ഏപ്രിൽ 15 വരെയുള്ള ഓരോ ബസ് ബുക്കിംഗുകൾക്കും 15% ശതമാനം വരെ കിഴിവും, ഒപ്പം സൂപ്പർകോയിനുകളിൽ 5% അധിക ഇളവും ഉപഭോക്താക്കൾക്ക് ലഭിക്കും.

# നിക്ഷേപത്തിൽ വൻ വളർച്ചയുമായി  ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** 2024 മാർച്ചിൽ അവസാനിച്ച അവസാന പാദത്തിൽ നിക്ഷേപത്തിൽ 24% വളർച്ച നേടി 31,650 കോടിയിലെത്തി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിൽ 25,538 കോടി രൂപയായിരുന്നു.

അതോടൊപ്പം ബാങ്കിന്റെ കാസ നിക്ഷേപം 24% ഉയർന്ന് 8,332 കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 6,744 കോടി രൂപയായിരുന്നു. 2023 മാർച്ച് കാലയളവിലെ 24,085 കോടി രൂപയിൽ നിന്ന് മൊത്തത്തിലുള്ള വായ്പ 24%  ഉയർന്ന് 29,779 കോടി രൂപയിൽ എത്തി.

2023 ധനകാര്യ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2024 ധനകാര്യ വർഷത്തിൽ വിതരണം 11 % വർദ്ധിച്ച് 6681 കോടി രൂപയായതായി ബാങ്ക് അധികൃതർ വ്യക്തമാക്കി.

# ആമസോണിൽ വിഷു ഷോപ്പിംഗ് സ്റ്റോർ

**കൊച്ചി:** ആമസോണിൽ പ്രത്യേക വിഷു ഷോപ്പിംഗ് സ്റ്റോർ ആരംഭിച്ചു. വിഷു ആഘോഷങ്ങൾക്കാവശ്യമായ ഉത്പന്നങ്ങൾ മികച്ച ഓഫറുകളിൽ വിഷു ഷോപ്പിംഗ് സ്റ്റോറിൽ ലഭ്യമാണ്. പൂജയ്ക്ക് അവശ്യമായവ, വസ്ത്രങ്ങളും ആഭരണങ്ങളും മുതൽ സാന്ദര്യ വർദ്ധക ഉത്പന്നങ്ങൾ, ഇലക്ട്രോണിക്സ്, അപ്ലയൻസസ്, ഹോം ഡെകോർ, ആക്സസറികൾ, ലഘുഭക്ഷണങ്ങൾ, ജ്യൂസുകൾ, പലവ്യഞ്ജനങ്ങൾ,  തുടങ്ങി നിരവധി ഉത്പന്നങ്ങൾ സ്റ്റോറിൽ ലഭ്യമാണ്. കൂടാതെ ഫിലിപ്സ്, സാംസംഗ്, എം ഐ, വൺ പ്ലസ്, റിയൽമി,ബിബ, ഡബ്ല്യൂ, തുടങ്ങിയ ബ്രാൻഡുകൾക്ക് മികച്ച ഓഫറുകളുമുണ്ട്.  ഏപ്രിൽ 15 വരെയാണ് ആമസോണിൽ വിഷു ഷോപ്പിംഗ് സ്റ്റോർ ലഭ്യമാവുക.



# 10,000 കോടി രൂപയുടെ കാർ ലോൺ വിതരണം ചെയ്ത് കാപ്രി ഗ്ലോബൽ ക്യാപിറ്റൽ

**മുംബൈ:** മുൻനിര ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡ്, പുതിയ കാർ ലോണുകളിൽ ശ്രദ്ധേയമായ 75% വളർച്ച കൈവരിച്ചു. ഏകദേശം 94,000 ഉപഭോക്താക്കൾക്ക് 10,000 കോടി രൂപയാണ് കാർ ലോൺ നൽകിയത്. ഇത് ഇന്ത്യയിലെ മൊത്തം യാത്രാ വാഹന വിപണിയുടെ ഏകദേശം 2.5% ആണ്.

കഴിഞ്ഞ വർഷം കാപ്രി ലോൺസ് രാജ്യത്തുടനീളം തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട്, 28 സംസ്ഥാനങ്ങളിലെ 750 സ്ഥലങ്ങളിൽ, പ്രധാനമായും ടയർ കകക നഗരങ്ങളിലും ടയർ 3 പട്ടണങ്ങളിലും, സാന്നിധ്യം സ്ഥാപിച്ചു. വർദ്ധിച്ചുവരുന്ന ഡിമാൻഡിനെ പിന്തുണയ്ക്കുന്നതിനായി നിരവധി ബാങ്കിംഗ് പങ്കാളികളെയും വിതരണക്കാരെയും ചേർത്തു.

24 സാമ്പത്തിക വർഷത്തിൽ പുതിയ കാറുകളുടെ ഡിമാൻഡ് റെക്കോർഡ് പുതിയ ഉയരത്തിലായിരുന്ന നഗര, അർദ്ധ നഗര പ്രദേശങ്ങളിൽ നിന്ന് വിപണി വിഹിതം നേടാൻ ഇത് കമ്പനിയെ സഹായിച്ചു. മുന്നോട്ട് പോകുമ്പോൾ, വാഹന ഫിനാൻസ് ബിസിനസിന്റെ വളർച്ച 25% ആയി തുടരാൻ കാപ്രി ലോണുകൾ ലക്ഷ്യമിടുന്നു.

# ഈസ് പരിഷ്കാരങ്ങളിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മൂന്നാം സ്ഥാനം നേടി

**മുംബൈ:** ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ 202324 സാമ്പത്തിക വർഷത്തിലെ 202324 സാമ്പത്തിക വർഷത്തിലെ ഈസ് (എൻഹാൻസ്ഡ് അക്സസ്സ് & സർവീസ് എക്സലൻസ്) പരിഷ്കരണ സൂചികയെക്കുറിച്ചുള്ള റിപ്പോർട്ടിൽ പ്രകാരം യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മൂന്നാം നേടി. ഉപഭോക്തൃ സൗകര്യാർത്ഥം വിവിധ ഡിജിറ്റൽ, ഡിജിറ്റൽ അസിസ്റ്റഡ് സേവനങ്ങൾ, നോൺഹോം ബ്രാഞ്ചുകളിൽ നൽകുന്ന സേവനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കൽ, ഉപഭോക്തൃ പരാതികൾക്കുള്ള സംയോജിത പരാതി മാനേജ്മെന്റ് ടൂൾ വഴിയുള്ള ഉപഭോക്തൃ സേവനം, ശക്തമായ സൈബർ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മികച്ച പ്രകടനം കാഴ്ചവെക്കുന്നു. ഭീഷണി ലഘൂകരിക്കുക, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എച്ച്ആർ പ്രവർത്തനങ്ങൾ ഒപ്റ്റിമൈസ് ചെയ്യുക, അനലിറ്റിക്സ് അടിസ്ഥാനമാക്കിയുള്ള സ്ട്രെസ് ടെസ്റ്റിംഗ് മോഡൽ സ്വീകരിക്കുക, ടാർഗറ്റ് സെറ്റിംഗ് പ്രക്രിയകളുടെ ഫലപ്രാപ്തി, ഡിജിറ്റൽ മാനവശേഷി ആസൂത്രണവും വിന്യാസവും എന്നെ പ്രവർത്തനങ്ങളിലും ബാങ്ക് മികച്ച പ്രവർത്തനം രേഖപ്പെടുത്തി. 'ഡിജിറ്റൽ, അനലിറ്റിക്സ് അടിസ്ഥാനമാക്കിയുള്ള ബിസിനസ്സ് മെച്ചപ്പെടുത്തൽ', 'ആളുകളെ വികസിപ്പിക്കുകയും എച്ച്ആർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക' എന്നീ വിഭാഗങ്ങളിലാണ് റണ്ണർ അപ്പ് ആയത്. പൊതുമേഖലാ ബാങ്കുകളുടെ പരിഷ്കരണ അജണ്ടയുടെ ഭാഗമായി ധനകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള സാമ്പത്തിക സേവന വകുപ്പിന്റെ സംരംഭമാണ് എൻഹാൻസ്ഡ് ആക്സസ് & സർവീസ് എക്സലൻസ്.

# പഠനവൈകല്യം: കുട്ടികൾക്കായി ശിൽപ്പശാല

**കൊച്ചി:** പഠനവൈകല്യമുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ച് പഠനം മെച്ചപ്പെടുത്തുന്നതിനായി പനമ്പിള്ളി നഗറിലെ ചൈൽഡ് കെയർ സെന്ററിന്റെ നേതൃത്വത്തിൽ ഏപ്രിൽ 16 മുതൽ മെയ് നാലുവരെ ശിൽപ്പശാല നടത്തുന്നു. വായന, എഴുത്ത്, കണക്ക്, അപഗ്രഥനം, ഭാഷ മനിസിലാക്കൽ ശ്രദ്ധ, ഓർമ്മ എന്നിവ മെച്ചപ്പെടുത്തി കുട്ടികളുടെ പഠനം കൂടുതൽ ആയാസ രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ശിൽപ്പശാലയിൽ ഊന്നൽ നൽകുന്നത്.

മൂന്ന് മുതൽ 13 വയസുവരെ പ്രായമുള്ള കുട്ടികൾക്കാണ് ശിൽപ്പശാലയിൽ പങ്കെടുക്കാൻ അവസരം നൽകുന്നതെന്ന് ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്രാഹം കെ പോൾ പറഞ്ഞു. മുൻ കൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് ശിൽപ്പശാലയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. ഏപ്രിൽ 13 ആണ് രജിസ്ട്രേഷനുള്ള അവസാന തിയതി കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി 9895705080, 04847961167 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം



സെർവിക്കൽ ക്യാൻസർ ബോധവൽക്കരണത്തിനോടനുബന്ധിച്ച് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 സി,ജില്ലാ ഭണകൂടം,ജിസിഡിഐ, ഐഎംഎകൊച്ചി, വുമൺ ഐഎംഎ,ഐഎപി,ഐഡിഎ കൊച്ചി ശാഖ, എസ്.ഐകൊച്ചി, ഗൈനക്ക് സൊസൈറ്റി ഓഫ് കൊച്ചി ആന്റ് അങ്കമാലി,എസ്എംആർ ഐ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ഫൺ റൺ ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 സി ഗവർണർ ഡോ.ബീന രവികുമാർ ഫ് ളാഗ് ഓഫ് ചെയ്യുന്നു. ഡോ.ജോർജ്ജ് തുകലൻ, ടി എ വർക്കി,ജയേഷ, അബ്ദുൾ അസീസ് തുടങ്ങിയവർ മുൻ നിരയിൽ

# സെർവിക്കൽ ക്യാൻസർ ബോധവൽക്കരണം: ഫൺ റൺ നടത്തി

**കൊച്ചി:** സ്ത്രീകളിൽ വർധിച്ചു വരുന്ന സെർവിക്കൽ ക്യാൻസർ തടയുന്നതിനും ക്യാൻസർ പ്രതിരോധത്തിന് എച്ച്പിവി വാക്സിൻ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 സി, ജില്ലാ ഭണകൂടം, ജിസിഡിഐ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി, വുമൺ ഐഎംഎ,ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐഎപി), ഇൻഡ്യൻ ഡെന്റൽ അസോസിയേഷൻ (ഐഡിഎ) കൊച്ചി ശാഖ, സൊറോപ്റ്റിമിസ്റ്റ് ഇന്റർനാഷണൽ (എസ്.ഐ) കൊച്ചി, ഗൈനക്ക് സൊസൈറ്റി ഓഫ് കൊച്ചി ആന്റ് അങ്കമാലി, സ്പോർടസ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റിയൂട്ട് (എസ്എംആർ ഐ) എന്നിവർ സംയുക്തമായി ഫൺ റണ്ണും ബോധവൽക്കരണ സെമിനാറും നടത്തി.

കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച ഫൺ റണ്ണിൽ വനിതകളും പെൺകുട്ടികളുമടക്കം ഇരുന്നൂറിലധിം ആളുകൾ പങ്കെടുത്തു. ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 സി ഗവർണർ ഡോ.ബീന രവികുമാർ ഫൺ റൺ ഫ് ളാഗ് ഓഫ് ചെയ്തു.

കേരള ആരോഗ്യസർവ്വകലാശാല വൈസ് ചാൻസിലർ ഡോ.മോഹനൻ കുന്നുമ്മൽ മുഖ്യപ്രഭാഷണം നടത്തി. ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. എം. എം ഹനീഷ്, ഐഎപി കൊച്ചി പ്രസിഡന്റ് ഡോ.വിവിൻ അബ്രാഹം, ഐഡിഎ പ്രസിഡന്റ് ഡോ. വിനോദ്, വുമൺ ഡെന്റൽ കൗൺസിൽ(ഡബ്ല്യുഡിസി) പ്രതിനിധി ഡോ.സെറീറ്റ, എസ് ഐ കൊച്ചി പ്രസിഡന്റ് രമാ ശേഖർ തുടങ്ങിയവർ സംസാരിച്ചു.

ഡോ.രാധാമണി, ഡോ.സെസി എന്നിവർ സെർവിക്കൽ ക്യാൻസർ ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി. പ്രോഗ്രാമിൽ പങ്കെടുത്തവർക്കുള്ള മെഡലും ചടങ്ങിൽ വിതരണം ചെയ്തു. ഇവിഎം സ്കോഡ, ഇൻഡെൽ മണി എന്നിവരുടെ സഹകരണത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്.

# സി20 ഇൻസെപ്ഷൻ മീറ്റിംഗിൽ അമൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിദഗ്ധർ പങ്കെടുത്തു

**കൊച്ചി:** ജി20 യുടെ ഔദ്യോഗിക എൻഗേജ്മെന്റ് ഗ്രൂപ്പായ സിവിൽ 20 യുടെ ഇന്ത്യയിൽ നിന്നുള്ള ഉന്നതാധികാര സമിതി ബ്രസീലിൽ നടന്ന സി20 ഇൻസെപ്ഷൻ മീറ്റിംഗിൽ പങ്കെടുത്തു. 60 രാജ്യങ്ങളിലെ 2,000ലധികം സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

പങ്കെടുത്ത ഈ പരിപാടിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് അമൃത യൂണിവേഴ്സിറ്റിയിലെ ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഡീൻ ഡോ. കൃഷ്ണശ്രീ അച്യുതനാണ് പങ്കെടുത്തത്.

സി20 ഇന്ത്യയ്ക്കായുള്ള അമൃത വർക്കിംഗ് ഗ്രൂപ്പുകളുടെ മറ്റ് നേതാക്കളും നിരവധി ചർച്ചകളിലും അവതരണങ്ങളിലും ഓൺലൈനായി പങ്കെടുത്തു.

സ്കൂൾ ഓഫ് സോഷ്യൽ ആൻഡ് ബിഹേവിയറൽ സയൻസസ് ഡീൻ ഡോ. ഭവാനി റാവു, അമൃതപുരി സ്കൂൾ ഓഫ് കമ്പ്യൂട്ടിംഗ് പ്രൊവോസ്റ്റ് റിസർച്ച് ഡോ. മനീഷ രമേഷ്, അസോസിയേറ്റ് ഡീൻ ഡോ. പ്രേമ നെടുങ്ങാടി എന്നിവർ ഉച്ചകോടിക്കിടെ നിരവധി വർക്കിംഗ് ഗ്രൂപ്പുകളുടെ ചർച്ചകളിലും സി20 ഇന്ത്യ പ്രവർത്തനങ്ങളുടെ അവതരണങ്ങളിലും പങ്കെടുത്തു .

ആഗോള ആശങ്കയുടെ നിർണായക മേഖലകളെ കേന്ദ്രീകരിച്ച് പത്ത് വ്യത്യസ്ത വർക്കിംഗ് ഗ്രൂപ്പുകളിലായി നടന്ന ചർച്ചകളായിരുന്നു സി20 ഇൻസെപ്ഷൻ മീറ്റിംഗിന്റെ കേന്ദ്രബിന്ദു. എല്ലാവരെയും ഉൾക്കൊള്ളുന്നതും, വംശീയ വിരുദ്ധ സമ്പദ്‌വ്യവസ്ഥകൾക്ക് (ണഎ1) വേണ്ടി വാദിക്കുന്നത് മുതൽ ഭക്ഷ്യ വ്യവസ്ഥകൾ, പട്ടിണി, ദാരിദ്ര്യം എന്നിവയുടെ സങ്കീർണ്ണമായ വെല്ലുവിളികൾ വരെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

സി20 അധ്യക്ഷ മാതാ അമൃതാനന്ദമയിയുടെയും സി20 ഇന്ത്യ ട്രോയിക്ക അംഗം സ്വാമി അമൃതസ്വരൂപാനന്ദ പുരിയുടെയും നേതൃത്വത്തിൽ സിവിൽ20 ഇന്ത്യയുടെ 16 വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളായിരുന്നു സി20 ബ്രസീൽ വർക്കിങ് ഗ്രൂപ്പുകളുടെ സ്റ്റാർട്ടിങ് പോയിന്റ്.

# ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡിന്റെ പുതിയ മാനേജിംഗ് ഡയറക്ടർ ദീപക് മെഹ്റോത്ര

**ഡൽഹി:** ടെസ്റ്റ് പ്രിപ്പറേറ്ററി സേവനങ്ങളിലെ മുൻനിരയിലുള്ള ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് (എഇഎസ്എൽ) ദീപക് മെഹ്റോത്രയെ അതിന്റെ മാനേജിംഗ് ഡയറക്ടറായും (എംഡി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും (സിഇഒ) നിയമിച്ചു.



വിദ്യാഭ്യാസ സേവനങ്ങളുടെ മത്സരാധിഷ്ഠിത ലാൻഡ്സ്കേപ്പിൽ ഓഫറുകൾ നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നത് തുടരുന്നതിനാൽ, എഇഎസ്എൽ ന്റെ ഒരു സുപ്രധാന നിമിഷത്തിലാണ് ഈ തീരുമാനം.

എ ഇ എ സ് എൽ ൽ ചേരുന്നതിന് മുമ്പ് ദീപക് മെഹ്റോത്ര ആശിർവാദ് പൈപ്പ്സിൽ മാനേജിംഗ് ഡയറക്ടറായിരുന്നു. പിയേഴ്സൺ ഇന്ത്യ, ഭാരതി എയർടെൽ, കൊക്കകോള, ഏഷ്യൻ പെയിന്റ്സ് എന്നിവയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഐഐടി റൂർക്കിയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദവും ജെബിഐഎംഎസിൽ നിന്ന് എംഎംഎസും നേടിയ ദീപക്, ഫിലാഡൽഫിയയിലെ (യുഎസ്എ) ദി വാർട്ടൺ സ്കൂളിൽ നിന്ന് എക്സിക്യൂട്ടീവ് പ്രോഗ്രാമും പൂർത്തിയാക്കിയിട്ടുണ്ട്.

# കരവിരുതിന്റെ കലയിൽ ഒരു കരിയർ

- സംസ്കൃത സർവ്വകലാശാലയിൽ ഫൈൻആർട്സിൽ
- പി. ജി. പഠനത്തിന് അപേക്ഷിക്കാം; അവസാന തീയതി ഏപ്രിൽ 24

ജന്മവാസനയ്ക്കൊപ്പം ശാസ്ത്രീയ പരിശീലനവുമുണ്ടെങ്കിൽ പ്രഫഷണൽ വളർച്ചയ്ക്ക് വഴിയൊരുക്കുന്ന മേഖലയാണ് ലളിതകലകൾ. ഡിജിറ്റൽ മാർക്കറ്റിംഗ്, പരസ്യ രംഗത്തെ കുതിച്ചുചാട്ടങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരം, വെബ്സൈറ്റ് രൂപകൽപനയിലെ നൂതന വെല്ലുവിളികൾ, മൾട്ടിമീഡിയയും ഗെയിമിങ്ങുമടക്കമുള്ള മേഖലകളിലെ പുതുമകൾ എന്നിവയൊക്കെ ചേർന്ന് വിഷ്വൽ ആർട്സിന് ഏറെ പ്രാധാന്യം കൈവരിച്ചിട്ടുണ്ട്.

ചിത്രങ്ങളും ശില്പങ്ങളും ഒരു കലാകാരന് തന്റെ ആത്മപ്രകാശനത്തിന്റെ വഴികളാണ്. എന്നാൽ അതിനപ്പുറമുള്ള വാണിജ്യമാനങ്ങൾ അവയ്ക്കുണ്ട്. ലളിതകലകളെന്നും പ്രയുക്ത കലകളെന്നും വേർതിരിക്കപ്പെട്ടിരിക്കുന്ന ലളിതകലകൾ ജന്മസിദ്ധമായ കഴിവുകളെ ആശ്രയിച്ചിരിക്കുന്നു. കമ്പ്യൂട്ടറിന് ഏറെ പ്രാധാന്യമുള്ള ഇക്കാലത്ത് ഗ്രാഫിക്സ്. ആനിമേഷൻ രംഗത്തും ഇത്തരക്കാർക്ക് ശോഭിക്കാം.

ക്രിയാത്മകമായ കഴിവുകളെ നിലവിലെ സാമൂഹിക, സാംസ്കാരിക അന്തരീക്ഷത്തിൽ കൃത്യമായി ഉപയോഗിക്കാൻ ശീലിപ്പിക്കലാണ് ആധുനിക കലാപഠനത്തിന്റെ രീതി. കലയെ പ്രൊഫഷണലായി സമീപിക്കുന്ന യുവതലമുറയ്ക്ക് ഉപരിപഠനത്തിലും കരിയറിലും അനേകം അവസരങ്ങളുണ്ട്.

**തൊഴിലവസരങ്ങൾ**

അനിമേഷൻ, ഗ്രാഫിക് ഡിസൈനിംഗ് തുടങ്ങി ആർട്ട് കൺസൾട്ടൻസി വരെ സാങ്കേതിക മാറ്റങ്ങൾക്കനുസരിച്ച് കലാകാരന്മാർക്ക് അവസരങ്ങൾ അനവധിയാണ്. സ്വയം സംരംഭങ്ങൾ തുടങ്ങാനുള്ള സാധ്യതകൾ പോലുമുണ്ട് ഇതിൽ. മാറുന്ന കാലത്തെ അഭിരുചി വ്യത്യാസങ്ങളെ തിരിച്ചറിയാനും ഉൾക്കൊള്ളാനും കഴിവുണ്ടെങ്കിൽ മാർക്കറ്റിംഗിലും ഒരുകൈ നോക്കാം. വിപണി കണ്ടെത്താൻ ഓൺലൈൻ സംവിധാനവും ഉപയോഗപ്പെടുത്താം.

ബ്രാൻഡിംഗ് കൺസൾട്ടന്റ്, ഗ്രാഫിക് ഡിസൈനർ, ബ്രാൻഡിംഗ് ഓഫീസർ, അനിമേറ്റർ, കാർട്ടൂണിസ്റ്റ്, ഇല്ലസ്ട്രേറ്റർ, ആർട്ട് കൺസൾട്ടന്റ്, ആർട്ട് ഡീലർ എന്നിങ്ങനെ പുതിയ ലോകത്തിൽ ധാരാളം പുതിയ കരിയറുകൾ ഫൈൻ ആർട്സ് പഠിച്ചിറങ്ങുന്നവരെ കാത്തിരിക്കുന്നു. സിനിമ, ഫോട്ടോഗ്രഫി, തീയേറ്റർ, വീഡിയോ പ്രൊഡഷൻ, എഡിറ്റിംഗ്, ഡിസൈനിംഗ്, പരസ്യം എന്നിങ്ങനെ വിവിധ മേഖലകളിൽ ഫൈൻ ആർട്സ് പഠിച്ചവർക്ക് തൊഴിൽ സാധ്യതകളുണ്ട്.



**സംസ്കൃത സർവ്വകലാശാലയിൽ ഫൈൻ ആർട്സ് പഠിക്കാം**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ മാസ്റ്റർ ഓഫ് ഫൈൻ ആർട്സ് (വിഷ്വൽ ആർട്സ്) പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലാണ് പ്രോഗ്രാം നടത്തുന്നത്. നാല് സെമസ്റ്ററുകളിലായി നടത്തപ്പെടുന്ന പ്രോഗ്രാമിൻറെ ദൈർഘ്യം രണ്ട് വർഷമാണ്.

**പ്രവേശനം എങ്ങനെ?**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല അംഗീകരിച്ച ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും 55% മാർക്കോടെ (എസ്. സി./എസ്. ടി., ഭിന്നശേഷി വിദ്യാർത്ഥികൾക്ക് 50% മാർക്ക്) ഫൈൻ ആർട്സിൽ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെയും (എഴുത്തുപരീക്ഷ), അഭിരുചി / പ്രായോഗിക പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. ഈ സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയവർക്കോ സർവ്വകലാശാല അംഗീകരിക്കുന്ന മറ്റു സർവ്വകലാശാലകളിൽ നിന്നും ബിരുദം (10+ 2+ 3 പാറ്റേൺ) കരസ്ഥമാക്കിയവർക്കോ അപേക്ഷിക്കാം. ബി. എ. പ്രോഗ്രാമിന്റെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം പ്രകാരം എല്ലാ കോഴ്സുകളും പൂർത്തിയായയവർക്കും ഒന്ന് മുതൽ നാല് സെമസ്റ്ററുകൾ വിജയിച്ച് (എട്ട് സെമസ്റ്റർ പ്രോഗ്രാമിന് ഒന്ന് മുതൽ ആറ് സെമസ്റ്ററുകൾ വിജയിച്ച്) 2024 ഏപ്രിൽ / മെയ് മാസങ്ങളിൽ അവസാന സെമസ്റ്റർ പരീക്ഷ എഴുതുന്നവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഇവർ 2024 ആഗസ്റ്റ് 31ന് മുൻപായി അവസാന വർഷ ഡിഗ്രി ഗ്രേഡ് ഷീറ്റ്, പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

**അവസാന തീയതി ഏപ്രിൽ 24**

ഏപ്രിൽ 24ന് മുമ്പ് ഓൺലൈനായി അപേക്ഷിക്കണം. പ്രവേശന പരീക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്. എൻട്രൻസ് പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ മെയ് രണ്ടുവരെ ഡൌൺലോഡ് ചെയ്യാം. പ്രവേശന പരീക്ഷകൾ മെയ് 13 മുതൽ 16 വരെ, സർവ്വകലാശാലയുടെ മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും നടക്കും. മെയ് 27ന് റാങ്ക് ലിസ്റ്റ്പ്രസിദ്ധീകരിക്കും. ജൂൺ 12ന് ക്ലാസ്സുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുവാനും www.ssus.ac.in സന്ദർശിക്കുക. ഫോൺ: 04842699731.

# മാരിക്കോൺ അന്താരാഷ്ട്ര സമുദ്രശാസ്ത്ര സമ്മേളനത്തിന് കുസാറ്റിൽ തുടക്കമായി

**കൊച്ചി:** കാലാവസ്ഥ മാറ്റവും, ഹരിതഗ്രഹ പ്രവാഹവും വ്യവസായ മാലിന്യങ്ങളും പരിസ്ഥിതി സന്തുലനത്തിൽ, സവിശേഷമായി സമുദ്ര ആവായവ്യവസ്ഥയിൽ വെല്ലുവിളിയുണ്ടാക്കുന്നതായി ഗോവ സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ.ഡോ.ഹരിലാൽ മേനോൻ.കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസ് സംഘടിപ്പിച്ച രണ്ടാമത് മാരിക്കോൺ അന്താരാഷ്ട്ര സമുദ്രശാസ്ത്ര സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രമുഖ സമുദ്രശാസ്ത്രജ്ഞൻ കൂടിയായ അദ്ദേഹം.സമുദ്രവിഭനങ്ങളുടെ സംരക്ഷണത്തിലും പഠനഗവേഷണ പ്രവർത്തനങ്ങളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും യോജിച്ച പ്രവർത്തനങ്ങളുടെ ആവശ്യകത ഉണ്ടാകേണ്ടതുണ്ട്.പ്രകൃതിദത്ത ധാതുക്കളുടെയും, വിഭവങ്ങളുടെയും അപര്യപ്തതയും ലഭ്യതക്കുറവും സാമ്പത്തികസാമൂഹ്യ വിഭവവിതരണത്തിലും പ്രതിസന്ധിയായി മാറുന്ന കാലഘട്ടത്തിൽ ഗൗരവമായി തന്നെ സമുദ്രശാസ്ത്ര ഗവേഷണങ്ങൾ നടക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




കുസാറ്റ് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ ബിജോയ് നന്ദൻ, ഇന്ത്യൻ പോളാർ സ്റ്റഡീസ് സെന്റർ ഡയറക്ടർ ഡോ.തമ്പാൻ മേലാത്ത്, കുസാറ്റ് മറൈൻസയൻസ് ഡയറക്ടർ ഡോ.മുഹമ്മദ് ഹാത്ത, പ്രോഗ്രാം കൺവീനർ ഡോ.പി.എസ്.സുനിൽ എന്നിവർ സംസാരിച്ചു.ഏപ്രിൽ 08 മുതൽ 10 വരെ നടക്കുന്ന സമ്മേളനത്തിന്റെ ഭാഗമായ വിവിധ പരിപാടികളിലും ചർച്ചകളിലും ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള ആയിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കും. 450 ലേറെ അബ്സ്ട്രാക്ടുകൾ പരിപാടിയിൽ അവതരിപ്പിക്കും.

സമുദ്രഭൗമ ശാസ്ത്ര ഗവേഷണത്തിലും അദ്ധ്യാപനത്തിലും ശ്രേഷ്ഠസംഭാവനയ്ക്കുള്ള വിവിധ അവാർഡുകൾക്ക് പ്രൊഫ പി.കെ.അബ്ദുൾ അസീസ്, പ്രൊഫ കെ.ദാമോദരൻ, പ്രൊ കെ.ടി. ദാമോദരൻ, പ്രൊഫ എസ്.രാജേന്ദ്രൻ, പ്രൊഫ ജേക്കബ് ചാക്കോ, പ്രൊഫ പി.ജി.കുറുപ്പ്, പ്രൊഫ റാം മോഹൻ എന്നിവർ അർഹരായി.മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ശാസ്ത്ര സമ്മേളനത്തിൽ സമുദ്രഭൗമശാസ്ത്രമേഖലയിലെ ഏറ്റവും പുതിയ ഗവേഷണ പ്രവർത്തനങ്ങളും മുന്നേറ്റങ്ങളും ഭാവി പ്രവർത്തനങ്ങളും സജീവ ചർച്ചയാകും.ഇന്ത്യയിലെ എല്ലാ പ്രമുഖ ഗവേഷണസ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞന്മാരോടും മുതിർന്ന അദ്ധ്യാപകരോടും വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരമാകും ഈ കോൺഫറൻസ്

# മികച്ച സ്ഥിര നിക്ഷേപം നടത്താൻ സഹായവുമായി ഇൻക്രെഡ് മണി

**കൊച്ചി:** ഇൻക്രെഡ് മണി ആപ്പിൽ സ്ഥിര നിക്ഷേപത്തിന് (എഫ്ഡി) സഹായിക്കുന്ന ഉൽപ്പന്നം പുറത്തിറക്കി പ്രമുഖ വൈവിധ്യവത്കൃത സാമ്പത്തിക സേവന സ്ഥാപനമായ ഇൻക്രെഡ് ഗ്രൂപ്പിന്റെ ഇൻക്രെഡ് മണി (ഐ.സി.എം). നിക്ഷേപകർക്ക് നിക്ഷേപ പ്രക്രിയ ലളിതമാക്കാനും ഉയർന്ന പലിശ നിരക്കും മെച്ചപ്പെടുത്തിയ സൗകര്യവും വാഗ്ദാനം ചെയ്യാനും ഇത് ലക്ഷ്യമിടുന്നു. ഇൻക്രെഡ് മണിയുടെ പ്ലാറ്റ്ഫോം നിക്ഷേപകർക്ക് ഒരൊറ്റ പ്ലാറ്റ്ഫോമിൽ എഫ്ഡികളുടെ ഒരു ശ്രേണി ആക്സസ് ചെയ്യാൻ കഴിയുന്ന പ്രക്രിയ കാര്യക്ഷമമാക്കും.

എഫ്ഡികളോടുള്ള ഇന്ത്യയുടെ സ്നേഹം പ്രസിദ്ധമാണ്. 2023 മാർച്ചിൽ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളുടെ എഫ്ഡികളിൽ 108 ലക്ഷം കോടി നിക്ഷേപിച്ചു. 2021ലും 2022ലും എഫ്ഡി പലിശ നിരക്ക് ഏകദേശം 5.5% ആയി കുറഞ്ഞിട്ടും, ഓരോ വർഷവും എഫ്ഡിയിലെ നിക്ഷേപം വർദ്ധിക്കുകയാണുണ്ടായത്. ചെറുകിട ധനകാര്യ ബാങ്കുകളും (എസ്എഫ്ബി) നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളും (എൻബിഎഫ്സി) ഉൾപ്പെടെ ആർബിഐ നിയന്ത്രിത ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളുമായി സഹകരിച്ചാണ് ഇൻക്രെഡ് മണി പുത്തൻ ആശയം ഒരുക്കിയിരിക്കുന്നത്.ആൻഡ്രോയിഡ്, ഐഒഎസ് ആപ്പ് സ്റ്റോറുകളിൽ ലഭ്യമായ ഇൻക്രെഡ് മണി ആപ്പ് വഴി നിക്ഷേപകർക്ക് ഒന്നിലധികം ഫിക്സഡ് ഡിപ്പോസിറ്റുകളിൽ എളുപ്പത്തിൽ നിക്ഷേപിക്കാൻ കഴിയും. സുരക്ഷയുടെ കാര്യത്തിൽ, ബാങ്ക്, എൻബിഎഫ്സി എഫ്ഡികൾ നിയന്ത്രിക്കുന്നത് ആർബിഐ ആണെന്നത് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, ഒരു ലക്ഷം രൂപ വരെ ഇൻഷുറൻസ് ഉണ്ട്. ഓരോ ബാങ്കിനും ഓരോ പാൻ ഡെപ്പോസിറ്റിലും ഡെപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ (100% ഞആക സബ്സിഡിയറി) മുഖേന 5 ലക്ഷം രൂപയാണിത്.

ഇൻക്രെഡ് മണി പ്ലാറ്റ്ഫോമിലെ എഫ്ഡികൾ 9.25% മുതിർന്ന പൗരന്മാർക്കും 9.01% വരെ സാധാരണ നിക്ഷേപകർക്കും പലിശ നൽകും. നിക്ഷേപകരെ അവരുടെ പ്ലാറ്റ്ഫോമിൽ വിവിധ ബാങ്കുകളിൽ നിന്നും എൻബിഎഫ്സികളിൽ നിന്നുമുള്ള എഫ്ഡികൾ താരതമ്യം ചെയ്യാനും അവരുടെ റിട്ടേൺ, മെച്യൂരിറ്റി പ്രതീക്ഷകൾ എന്നിവയ്ക്കൊപ്പം മികച്ച രീതിയിൽ യോജിപ്പിക്കുന്ന എഫ്ഡികളിൽ നിക്ഷേപിക്കാനും ഇൻക്രെഡ് മണി സൗകര്യം നൽകും. ഈ മുഴുവൻ പ്രക്രിയയും 5 മിനിറ്റിനുള്ളിൽ പൂർത്തിയാക്കാൻ കഴിയും. പുതിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കേണ്ട ആവശ്യമില്ല.സാമ്പത്തിക അവസരങ്ങൾ ജനാധിപത്യവൽക്കരിക്കാനും സാമ്പത്തിക ക്ഷേമത്തിലേക്കുള്ള പാത ലളിതമാക്കാനുമാണ് കമ്പനി ശ്രമിക്കുന്നതെന്ന് ഇൻക്രെഡ് മണിയുടെ സിഇഒ വിജയ് കൂപ്പ പറഞ്ഞു. കൂടുതലറിയാൻ www.incredmoney.com സന്ദർശിക്കുക.

# റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുമായി കൈകോർത്ത് കുസാറ്റ് ഡുവൽ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോ ടെക്നിക്കൽ സർവകലാശാലയും ചേർന്ന് 'ന്യൂ ജനറേഷൻ ഓഫ് ഇലക്ട്രോണിക് കോമ്പോണന്റ് ബേസിൽ' ഡുവൽ ഡിഗ്രി പ്രോഗ്രാമിനായി കൈകോർക്കുന്നു. ക്യൂഎസ് ലോക റാങ്കിങ്ങിൽ 700ാം സ്ഥാനത്തുള്ള സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോ ടെക്നിക്കൽ യൂണിവേഴ്സിറ്റി നോബൽ സമ്മാന ജേതാക്കളുടെ ലാബ് ടീം ഉള്ള വളരെ പ്രശസ്തമായ സർവകലാശാലയാണ്. സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെ ഇന്റർനാഷണൽ റിലേഷൻസ് വൈസ് റെക്ടർ ഡോ. അനസ്തേഷ്യ മിനിനയും ഇന്റർനാഷണൽ അക്കാദമിക് മൊബിലിറ്റി ഓഫീസ് ഡെപ്യൂട്ടി ഹെഡ് ഡോ. ജൂലിയ ഫില്ലിപോവയും കുസാറ്റ് സന്ദർശിച്ചു. ഈ സഹകരണം പ്രോഗ്രാമിൻറെ ഭാഗമായ വിദ്യാർത്ഥികൾക്ക് നോബൽ സമ്മാന ജേതാക്കളായ ടീമിന്റെയും ലാബുകളുടെയും കീഴിൽ പ്രവർത്തിക്കാനും പരിശീലിക്കാനും ഉള്ള അപൂർവ അവസരമാകും.ന്യൂ ജനറേഷൻ ഓഫ് ഇലക്ട്രോണിക് കോമ്പോണന്റ് ബേസിൽ ഡ്യുവൽ എംഎസ് ബിരുദ പ്രവേശനത്തിന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ ബിടെക് അല്ലെങ്കിൽ ഫിസിക്സ്, ഇലക്ട്രോണിക്സ്, ഫോട്ടോണിക്സ് ,ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ ഏതിലെങ്കിലും എംഎസ്സി എന്നതാണ് യോഗ്യത. 15 വിദ്യാർത്ഥികൾക്കായിരിക്കും പ്രോഗ്രാമിൽ പ്രവേശനം, അവരിൽ മൂന്ന് പേർക്ക് സ്കോളർഷിപ്പുണ്ടായിരിക്കും.

കുസാറ്റിൽ നടന്ന വാർത്താ സമ്മേളനത്തിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. പി. ജി. ശങ്കരൻ, ഡോ. മീര വി., ഡോ. ഹരീഷ് എൻ. രാമനാഥൻ, ഡോ.മനോജ് എൻ, ഡോ. അനസ്തേഷ്യ മിനിനയും ഇന്റർനാഷണൽ അക്കാദമിക് മൊബിലിറ്റി ഓഫീസ് ഡെപ്യൂട്ടി ഹെഡ് ഡോ. ജൂലിയ ഫില്ലിപോവയും പങ്കെടുത്തു.

# ആർട്ടിക് മേഖലയിലെ ആദ്യ ശീതകാല പര്യവേഷണം പൂർത്തിയായി

**കൊച്ചി:** ആർട്ടിക് മേഖലയിലെ ആദ്യ ശീതകാല പര്യവേഷണം രാജ്യം വിജയകരമായി പൂർത്തിയാക്കിയ ചാരിതാർത്ഥ്യത്തിലാണ് പര്യവേഷണത്തിൽ പങ്കുചേർന്ന ജയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി. കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള ഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ചിന്റെ നേതൃത്വത്തിൽ നടന്ന പര്യവേഷണ സംഘത്തിൽ ജയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർ ഡോ. ജിപ്സൺ ഇടപ്പഴമായിരുന്നു ഉൾപ്പെട്ടിരുന്നത്. 2023 ഡിസംബറിൽ ആരംഭിച്ച പര്യവേഷണത്തിന്റെ നാലാമത്തെ ബാച്ചിലെ സംഘാംഗമായിരുന്നു അദ്ദേഹം. സ്വാൽബാർഡിലെ (നോർവേ) നൈഅലെസുണ്ടിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയുടെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രമായ 'ഹിമാദ്രിയിൽ ' ഒരു മാസത്തോളം ചെലവഴിച്ചാണ് പര്യവേഷണം പൂർത്തീകരിച്ചത്. 2007 മുതൽ വേനൽക്കാലത്ത് ഇന്ത്യ നടത്തിവരുന്ന ആർട്ടിക് പര്യവേഷണത്തിന്റെ തുടർച്ചയായി പഠന, ഗവേഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ ഡിസംബറിൽ വിന്റർ മിഷന് തുടക്കം കുറിച്ചത്. പോളാർ നൈറ്റ് എന്നറിയപ്പെടുന്ന അതിശൈത്യകാലത്ത് ദിവസം മുഴുവൻ ഏറെക്കുറെ സൂര്യപ്രകാശം ഉണ്ടാവാറില്ല. ഈ അന്തരീക്ഷത്തിൽ നടത്തേണ്ട പഠനങ്ങൾക്കാണ് സംഘം മുൻഗണന നൽകിയത്.

കാലാവസ്ഥാ വ്യതിയാനം മൂലം സംഭവിക്കുന്ന ആർട്ടിക് സമുദ്രത്തിൽ നിന്നുള്ള മൃഗങ്ങളുടെ കൂട്ടപലായനത്തിന്റെ വ്യാപ്തി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ വിലയിരുത്തുന്നതിലാണ് ഡോ. ജിപ്സണിന്റെ നേതൃത്വത്തിൽ പര്യവേഷണത്തിൽ പങ്കുചേർന്ന ജയിൻ യൂണിവേഴ്സിറ്റിയുടെ ഗവേഷണം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. പര്യവേഷണ വേളയിൽ തണുത്തുറഞ്ഞ ആർട്ടിക് സമുദ്രത്തിൽനിന്നും ഷോർട്ട്ഹോൺ സ്കൽപിൻ (മയോക്സോസെഫാലസ് സ്കോർപിയസ്) എന്നറിയപ്പെടുന്ന ഒരു പ്രത്യേകതരം മത്സ്യത്തെ പിടികൂടാൻ സാധിച്ചതായി ഡോ. ജിപ്സൺ ഇടപ്പഴം പറഞ്ഞു. പൂജ്യം ഡിഗ്രി സെൽഷ്യസിൽ താഴെയുള്ള താപനിലയിൽ ഈ മത്സ്യത്തിന് ജീവിക്കാൻ സാധിക്കുന്നത് ആന്റിഫ്രീസ് പ്രോട്ടീനുകൾ ഉള്ളതിനാലാണെന്നും അദ്ദേഹം വ്യക്തമാക്കി. പര്യവേഷണ സംഘത്തിൽ ഉൾപ്പെട്ടതിനാൽ 'നോർത്തേൺ ലൈറ്റ്സ്' അഥവാ 'അറോറ ബൊറിയാലിസ്' എന്നറിയപ്പെടുന്ന അത്ഭുതപ്രതിഭാസത്തിനു സാക്ഷ്യം വഹിക്കാൻ സാധിച്ചതിന്റെ സന്തോഷത്തിലാണ് അദ്ദേഹം.

പര്യവേഷണ സമയത്ത് നൈ അലെസുണ്ടിലെ അന്തരീക്ഷ താപനില മൈനസ് 28 ഡിഗ്രി സെൽഷ്യസുവരെയും 'വിൻഡ് ചിൽ' മൈനസ് 45 ഡിഗ്രി സെൽഷ്യസുവരെയും താഴുകയുണ്ടായി. ഇക്കാരണത്താൽ നൈ അലെസുണ്ടിന് സമീപമുള്ള ആർടിക് ഫ്ജോർഡ് കളായ (നോർവെയിൽ കാണപ്പെടുന്ന ഒരുതരം ഉൾക്കടൽ) കോങ്സ്ഫ്ജോർഡും ക്രോസ്ഫ്ജോർഡും സംപൂർണമായി തണുത്തുറഞ്ഞ സ്ഥിതിയിലായിരുന്നു. ഇത്തരം ഒരു സാഹചര്യം നിലനിന്നിരുന്നതിനാൽ അറ്റ്ലാന്റിക് സമുദ്രത്തിൽ നിന്ന് ആർടിക് സമുദ്രത്തിലേക്കുള്ള ജീവികളുടെ പലായനത്തിൽ കുറവ് വന്നതായും അദ്ദേഹം പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്താൽ ആർടിക് സമുദ്രത്തിലെ ജീവികളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും അവയുടെ ഡാറ്റാ നിർമ്മിക്കുന്നതിനുള്ള എഐ അൽഗോരിതം വിജയകരമായി വികസിപ്പിക്കുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് അന്താരാഷ്ട്ര ജേർണലായ ചെക് പോളാർ റിപ്പോർട്ടിൽ പ്രസിദ്ധീകരിക്കുകയും ചെയ്തതായി ഗവേഷണ സംഘം അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663